ശ്രീ. എം. നാരായണക്കുറുപ്പ് : ഇൻറർ സ്റ്റേറ്റ് നദികളെപ്പറ്റി, ഓരോ സ്റ്റേറ്റും പദ്ധതികളും തയ്യാറാക്കുമ്പോൾ, ഇതരസ്റ്റേറ്റുകളുമായി മുൻകൂട്ടി ആലോചിക്കണമെന്നുള്ള രീതിയിൽ എന്തെങ്കിലും നടപടിക്രമം ഇന്നുണ്ടോ ? കേന്ദ്രഗവണ്മെൻറും, സംസ്ഥാനഗവണ്മെൻറുകളും ചേർന്നുള്ള എന്തെങ്കിലും നടപടിക്രമം അംഗീകരിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ അങ്ങനെ ഒരു നടപടിക്രമം ആവശ്യമാണെന്നുള്ള നിർദ്ദേശം പ്രയോഗത്തിൽ വരുത്താൻ ആവശ്യപ്പെടുമോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ ചില നടപടിക്രമങ്ങളും ഇപ്പോഴുതന്നെ സ്വീകരിച്ചിട്ടുണ്ട്. സോണൽ കൗൺസിലിൽ ഈ കാര്യം ആലോചനാവിഷയമാകും.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : ഒരു ഇൻറർ സ്റ്റേറ്റ് നദിയായതുകൊണ്ട് ആദ്യം മൈസൂർ ഗവണ്മെൻറ് ആരംഭിച്ചതുകൊണ്ട്, മാനന്തവാടിയിലെ ഹൈഡ്രോ ഇലക്ട്രിക്കൽ സ്കീമിൻറെ പ്രാരംഭഗവേഷണം നടത്തിയിരുന്നതു നമുക്കു മുമ്പോട്ടുകൊണ്ടുപോകാൻ സാധിക്കാതെവന്നു. അതിൻറെ അടിസ്ഥാനത്തിൽ മൈസൂർ ഗവണ്മെൻറ് അവരുടെ പദ്ധതിയുമായി വളരെ വേഗം മുമ്പോട്ടു കുതിക്കുകയാണ്. ആ വസ്തുത ഗവണ്മെൻറ് മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഈ ജലം കേരളത്തിനു് എങ്ങനെ ഉപയോഗപ്പെടുത്താമെന്നു് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. കെ. എം. ജോർജ് : മൈസൂർ ഗവണ്മെൻറ് ഈ കാര്യത്തിൽ അത്രമാത്രം പരിഗണിക്കാതിരിക്കുന്നതിൻറെ അടിസ്ഥാനത്തിൽ, നമ്മുടെ എൻജിനീയർമാരെക്കൊണ്ടോ, സെൻട്രൽ വാട്ടർ പവ്വർ കമ്മീഷനെക്കൊണ്ടോ ഇതിൻറെ വിശദാംശങ്ങളെപ്പറ്റി പരിശോധിപ്പിക്കാൻ വേണ്ടതു ചെയ്തിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : നമ്മുടെ എൻജിനീയർമാർ പരിശോധിച്ചിട്ടുണ്ട്. അതിലെ വെള്ളം രണ്ടു ഇറിഗേഷനും, പവ്വർ ഉണ്ടാക്കുന്നതിനും ഉപയോഗിക്കാൻ കഴിയുമെന്നു അഭിപ്രായപ്പെട്ടിട്ടുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ് : ആന്ധ്രാ, മദിരാശി, മൈസൂർ ഇതുപോലെ ജലത്തർക്കത്തിനിടയുള്ള സംസ്ഥാനങ്ങളുമായി നിലവിലുള്ള പ്രശ്നം കേന്ദ്രഗവണ്മെൻറ് ഏറ്റെടുക്കുകയും, ഒരു കമ്മിറ്റി അതിന്മേൽ തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ടോ ? കമ്മിറ്റിയുടെ തീരുമാനം അനുസരിച്ചാണോ ഓരോ സംസ്ഥാനവും ഈ കാര്യം കൈകാര്യം ചെയ്യുന്നതു് ? സോണൽ കൗൺസിലിൽ എന്താണു തീരുമാനിച്ചതു് ? അതായതു സ്റ്റേറ്റുകൾക്കു ഇഷ്ടംപോലെ പദ്ധതികളും നടപ്പാക്കാമെന്നാണോ അതോ ബന്ധപ്പെട്ട സംസ്ഥാനങ്ങളുമായി ആലോചിച്ചതിനുശേഷം വേണം പദ്ധതി നടപ്പാക്കാൻ എന്നു നിശ്ചയിച്ചിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ചില സ്റ്റേറ്റുകളും ഈ കാര്യത്തിൽ വേണ്ടിടത്തോളം സഹകരണമനോഭാവം കാണിക്കുന്നില്ല. അങ്ങനെ വരുമ്പോൾ അതു മൂലം ദോഷംവരുന്ന സ്റ്റേറ്റ് എന്താണു ചെയ്യേണ്ടതെന്നു തീരുമാനിച്ചു പ്രവർത്തിച്ചുകൊള്ളും.

കൊച്ചി ഗ്രാമുഖവികസനം.

* 744. [21] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) കൊച്ചി ഗ്രാമുഖവികസനത്തിനായി എന്തെങ്കിലും നടപടികളും എടുക്കുന്നതിനായി കേന്ദ്രഗവണ്മെൻറുമായി ഈ ഗവണ്മെൻറ് ആലോചന നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) ഉണ്ടു്.

(ബി) കൊച്ചി തുറമുഖത്തു് പാസഞ്ചർ കപ്പലുകൾ അടുപ്പിക്കാൻ കൂടുതൽ ബെത്തിംഗ്, ടാൻസിറ്റ് സൗകര്യങ്ങൾ ഉണ്ടാക്കുവാനായി ഈ ഗവണ്മെൻറ് കേന്ദ്ര ഗവണ്മെൻറിനോടു് അഭ്യർത്ഥിച്ചിട്ടുണ്ടു്. ഈ കാര്യം കേന്ദ്ര ഗവണ്മെൻറിൻറെ പരിഗണനയിലിരിക്കുകയാണു്.

ശ്രീ. കെ. സി. ഏബ്രഹാം : കൊച്ചിൻ പോർട്ട് ട്രസ്റ്റ് എന്നാണു് നിലവിൽ വന്നതു് ? അതിൻറെ പ്രതിനിധികൾ ആരെല്ലാം ?

ശ്രീ. പി. പി. ഉമ്മർകോയ : കൊച്ചിൻ പോർട്ട് ട്രസ്റ്റ് 22-9-64-ൽ നിലവിൽ വന്നു. ഇതിൽ സംസ്ഥാന ഗവണ്മെൻറിൻറെ ഒരു പ്രതിനിധിയുണ്ടു്. പിന്നെ കസ്റ്റംസിലെ ഒരു പ്രതിനിധി, റയിൽവേയിലെ ഒരു പ്രതിനിധി, ഡിഫൻസ് സർവ്വീസിലെ ഒരു പ്രതിനിധി, തദ്ദേശ ഭരണസഭയിലെ തിരഞ്ഞെടുക്കപ്പെട്ട ഒരു പ്രതിനിധി, തദ്ദേശഭരണസഭയിലെ കമ്മീഷണർ, തൊഴിലാളികളുടെ പ്രതിനിധികൾ മറ്റു സ്ഥാപനങ്ങളുടെ പ്രതിനിധികൾ ഇങ്ങനെ പതിനാലുപേർ ഉൾക്കൊള്ളുന്ന ഒരു ബോർഡാണു് ഇപ്പോൾ ഉണ്ടാക്കിയിരിക്കുന്നതു്.

ശ്രീമതി എം. നഫീസത്തു ബീവി : കൊച്ചിൻ തുറമുഖം ഇനി വികസിപ്പിക്കുവാൻ ഇരിക്കുന്നതു്, (എത്രതന്നെ വികസിപ്പിച്ചാലും) അവിടെ വികസന സാദ്ധ്യത കുറവായതുകൊണ്ടും കയറ്റുമതി ഇറക്കുമതിക്കുള്ള സാദ്ധ്യത പരിമിതമായതുകൊണ്ടും ആലപ്പുഴ മൈനർ പോർട്ട് മീഡിയം പോർട്ടായി വികസിപ്പിക്കുന്നതിനു ശുപാർശ ചെയ്യുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : കൊച്ചിൻ തുറമുഖത്തു കൂടുതൽ സൗകര്യം ഉണ്ടാക്കണമെന്നാണു് ഇപ്പോഴത്തെ ഉദ്ദേശം. ആലപ്പുഴ തുറമുഖം കൂടുതൽ വികസിപ്പിക്കണമെന്നുള്ള കാര്യം പരിഗണനയിൽ എടുത്തിട്ടില്ല.

ശ്രീ. കെ. എം. ജോർജ്ജു് : കൊച്ചിൻ പോർട്ട് ട്രസ്റ്റിലെ പ്രതിനിധികളുടെ പേർ പറയാമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അങ്ങനെ എല്ലാവരുടേയും പേർ പറയുവാൻ നിവൃത്തിയില്ല. ഇതിൽ ഗവണ്മെൻറിൻറെ പ്രതിനിധി പി. ഡബ്ല്യു.സെക്രട്ടറിയാണു്. എറണാകുളം മുനിസിപ്പൽ കമ്മീഷണർ ഇതിലെ പ്രതിനിധിയാണു്. മട്ടാഞ്ചേരിയിലെയും ഫോർട്ടുകൊച്ചിയിലേയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചെയർമാൻമാർ ഇതിലെ പ്രതിനിധികളാണു്. തൊഴിലാളികളുടെ പ്രതിനിധികൾ രണ്ടുപേരുണ്ടു്. ഒന്നു് ഒരു ജി.എസ്. താരാസിംഗ്, മറ്റൊരാൾ കെ. എം. പരീതു്. ചേംബർ ഓഫ് കാമേഴ്സിൻറെ പ്രതിനിധിയായി എം. അച്യുതൻ പിള്ള ശങ്കരമേനോൻ, ജോസഫ് ചക്കോള ഇവരൊക്കെയാണു്.

ശ്രീ. കെ. എം. ജോർജ്ജു് : ഏറ്റവും പ്രധാനപ്പെട്ട കൊച്ചിൽ പോർട്ട് യൂണിയനിലെ പ്രതിനിധിയെ ഇതിൽ ഉൾപ്പെടുത്താതിരിക്കുവാൻ കാരണമെന്തു് ?

ശ്രീ. പി. പി. ഉമ്മർകോയ : ഇതിൽ സംസ്ഥാന ഗവണ്മെൻറിനു് ഒന്നും ചെയ്യാൻ കഴിയുകയില്ല. ലേബർ പോർട്ട് ട്രസ്റ്റ് ആക്റ്റ് അനുസരിച്ചു് ഇൻഡ്യാ ഗവണ്മെൻറു് നോമിനേറ്റുചെയ്തു് എടുക്കുന്ന ഒരു ബോഡിയാണു് ഇതു്. സംസ്ഥാന ഗവണ്മെൻറിൻറെ പ്രതിനിധി നിശ്ചയിക്കാനുള്ള അധികാരം മാത്രമേ ഈ ഗവണ്മെൻറിനുള്ളു.

ശ്രീ. പി. നാരായണൻ നമ്പി : വിഴിഞ്ഞം തുറമുഖത്തെ ഒരു ആഴം പെരുത്തുപോർട്ടായി ഉയർത്താനുള്ള സാധ്യതയുണ്ടോ എന്നു് ആരാഞ്ഞിട്ടുണ്ടോ ?

മി. സ്പീക്കർ : കൊച്ചി തുറമുഖത്തെപ്പറ്റിയാണു് ചോദ്യം. അതുകൊണ്ടു് ഇതു് ഇപ്പോൾ പ്രസക്തമാണെന്നു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.പി. നാരായണൻ തമ്പി: ആലപ്പുഴ തുറമുഖത്തെപ്പറ്റി ചോദിച്ചപ്പോൾ ഉത്തരം പറഞ്ഞല്ലോ ? അതുകൊണ്ട് ഇതിനും ഉത്തരം നൽകാവുന്നതല്ലേ ?

ശ്രീ. പി. പി. ഉമ്മർകോയ : ഈ ചോദ്യം ഉദിക്കുന്നില്ല. വിഴിഞ്ഞം ഹാർബറിനെ ഒരു 'All weather port' ആക്കണമെന്ന ആലോചന ഉണ്ടായിരുന്നു. ഇപ്പോൾ കൊച്ചി തുറമുഖം അതിലേക്ക് എടുത്തുകൊണ്ട് അതു മാറ്റി വച്ചിരിക്കുകയാണ്. ഇപ്പോൾ വിഴിഞ്ഞം പ്രധാനമായും ഒരു ഫിഷിംഗ് ഹാർബറായാണ് പ്രവർത്തിക്കുന്നത്.

ശ്രീ. പി. നാരായണൻ തമ്പി : വിഴിഞ്ഞം അങ്ങനെ ഉയർത്തുന്നപക്ഷം ഇപ്പോൾ കൊച്ചിയിൽ കാണുന്ന 'റഷ്' കുറയുകയില്ലേ ?

ശ്രീ പി. പി. ഉമ്മർകോയ : അതിനെപ്പറ്റി ആലോചിച്ചിട്ടില്ല. കൊച്ചിൻ തുറമുഖത്തെപ്പറ്റി മാത്രമേ ഇപ്പോൾ ആലോചിക്കുന്നുള്ളൂ.

ശ്രീ. സി. അച്യുതമേനോൻ : കൊച്ചി തുറമുഖം വികസിപ്പിക്കുന്നതിന്റെ ഭാഗമായിട്ട് തേവരപ്പാലം പൊളിച്ചു തെക്കോട്ട് മാറ്റി പണിയേണ്ടിവരുമെന്ന പത്രങ്ങളിൽ നിന്നും കാണുകയുണ്ടായി. അതു വാസ്തവമാണോ ?

ശ്രീ. പി. പി. ഉമ്മർകോയ : അതിനെ സംബന്ധിച്ച അവസാന തീരുമാനം എടുത്തു കഴിഞ്ഞിട്ടില്ല.

ശ്രീ. പി. ബാലചന്ദ്രമേനോൻ : കൊച്ചി പോർട്ടയൂണിയനിലെ പ്രതിനിധിയെക്കൂടി ഇതിൽ ഉൾപ്പെടുത്തികൊണ്ട് അങ്ങനെ ഒരു ബാലൻസ് കീപ്പു ചെയ്യാൻ ഈ ഗവണ്മെന്റിനു കേന്ദ്ര ഗവണ്മെന്റിനോട് ശുപാർശ ചെയ്യുകൂടായിരുന്നുവോ ?

ശ്രീ. പി. പി. ഉമ്മർകോയ : അവരുടെ സഹകരണം കൂടി വേണമെന്നു കേന്ദ്ര ഗവണ്മെന്റിനോട് ശുപാർശ ചെയ്യാൻ ഈ ഗവണ്മെന്റിനു യാതൊരു അധികാരവുമില്ല. ഈ ഗവണ്മെന്റിന്റെ ഒരു പ്രതിനിധി വേണമെന്നു ശുപാർശ ചെയ്യാനുള്ള അധികാരം മാത്രമേയുള്ളൂ.

ശ്രീ. കെ. കെ. വിശ്വനാഥൻ : ടസ്റ്റു രൂപീകരിക്കുമ്പോൾ അതിന്റെ ഘടനയെ സംബന്ധിച്ചു ഈ ഗവണ്മെന്റും ഇൻഡ്യാ ഗവണ്മെന്റുമായി വല്ല ആലോചനയും നടത്തിയിട്ടുണ്ടോ? മട്ടാഞ്ചേരിയിലേയും പോർട്ട് കൊച്ചിയിലേയും മുനിസിപ്പിൽ കൗൺസിലറന്മാർ ഇതിൽ പ്രതിനിധികരിക്കുന്നുണ്ട്. എന്നാൽ എറണാകുളം കൗൺസിലറെ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനു പ്രത്യേക കാരണം വല്ലതുമുണ്ടോ ? എന്തടിസ്ഥാനത്തിലാണ് ഇതിന്റെ ഘടനയ്ക്കു പരിഗണന നൽകിയിരിക്കുന്നത് ?

ശ്രീ. പി. പി. ഉമ്മർകോയ : ഈ സംസ്ഥാന ഗവണ്മെന്റിന്റെ പ്രതിനിധി, അതുപോലെ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ ലോക്കൽ എക്സിക്യൂട്ടീവ് ആഫീസറന്മാർ ഇവരെയെല്ലാം എങ്ങനെ എടുക്കണമെന്നുള്ള കാര്യത്തെപ്പറ്റി ഇൻഡ്യാ ഗവണ്മെന്റുമായി ആലോചന നടത്തി. ഈ വിഷയം പ്രത്യേകം ചൂണ്ടിക്കാണിക്കുകയുണ്ടായി. മൂന്നു മുനിസിപ്പാലിറ്റികളിലേയും പ്രതിനിധികളേയും എടുത്താൽ കൊള്ളാമെന്നുള്ള അഭിപ്രായം പറയുകയുണ്ടായി. കൽക്കട്ടാ, ബോംബേ, മദ്രാസ് തുടങ്ങിയ പോർട്ട് ട്രസ്റ്റുകളുടെ മാതൃകയിൽ മാത്രമേ ഇവിടെയും ഉണ്ടാക്കുവാൻ സാധിക്കുകയുള്ളൂ എന്നും അവിടെയൊക്കെ ഒരു തദ്ദേശ ഭരണസ്ഥാപനത്തിലെ പ്രതിനിധിയെയാണ് എടുക്കുന്നതെന്നും അഭിപ്രായപ്പെടുകയുണ്ടായി. അതുകൊണ്ട് ഇവിടെയും ഒന്നിൽ കൂടുതൽ പ്രതിനിധികളെ തദ്ദേശ ഭരണസ്ഥാപനങ്ങളിൽ നിന്നും എടുക്കുവാൻ സാധ്യമല്ല എന്നു ചൂണ്ടിക്കാണിക്കുകയുണ്ടായി. എന്നാൽ നമുക്കു രണ്ടുകൊല്ലമാണ് ഇതിന്റെ ടേം വച്ചിരിക്കുന്നതെന്നും അതുകൊണ്ട് ഒരു ടേമിൽ ഒരു മുനിസിപ്പാലിറ്റിയുടെ പ്രതിനിധിയെ വീതം രണ്ടു ടേമിലായി രണ്ടു മുനിസിപ്പാലിറ്റികളുടെ പ്രതിനിധികളെ ഉൾപ്പെടുത്തണമെന്നു ഈ ഗവണ്മെ

LIBRARY ARCHIVES Kerala Legislative Assembly

ൻറെ ആവശ്യപ്പെട്ട. അതു അംഗീകരിക്കുകയുണ്ടായി. എറണാകുളത്തു നിന്നും മുനിസിപ്പൽ കമ്മീഷണറെ തിരഞ്ഞെടുക്കുന്നുണ്ട്. അതുകൊണ്ടു പോർട്ട് കൊച്ചിയിലേയും മട്ടാഞ്ചേരിയിലേയും പ്രതിനിധികളെ തിരഞ്ഞെടുത്തു ടേം ബൈ ടേം ആയി വയ്ക്കാനാണു നിശ്ചയിച്ചിരിക്കുന്നതു. അതു ഗവണ്മെൻറ് അംഗീകരിച്ചതിൻറെ ഫലമായി നടപ്പിലാക്കിയിരിക്കുകയാണു.

മരുന്നുകൾ വിതരണം ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ.

*745. [22] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദ ആശുപത്രികളിലേക്കും ഡിസ്പെൻസറികളിലേക്കും മരുന്നുകൾ വിതരണം ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ എന്തെല്ലാമാണു;

(ബി) ഡിസ്പെൻസറികളിലേക്കു മരുന്നു കൊണ്ടുപോകുന്നതിനുള്ള ചെലവു് അനുവദിച്ചുകൊടുക്കുന്നുണ്ടോ;

(സി) കൊല്ലം ഡിസ്ട്രിക്ടിലുള്ള അച്ചൻകോവിൽ ഡിസ്പെൻസറിയിൽ ആ ഡിസ്പെൻസറി ഉൽഘാടനം ചെയ്തതിൽപ്പിന്നീടു് ഒരിക്കലും മരുന്നു് ലഭിച്ചിട്ടില്ല എന്ന വസ്തുത ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതേപ്പറ്റി അന്വേഷിച്ചു് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ദയവുണ്ടാകുമോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ)

(എ) സംസ്ഥാനത്തെ ഗവണ്മെൻറു ആയുർവ്വേദ ആശുപത്രികളിലേക്കും ഡിസ്പെൻസറികളിലേക്കും മരുന്നുകൾ വിതരണം ചെയ്യുന്നതു് തൃശ്ശൂർ എസ്. കെ. വി. എ. സഹകരണ ഫാർമസിയിൽ നിന്നുമാണു്. ഓരോ റവന്യൂഡിസ്ട്രിക്ടിലുമുള്ള ടി ഫാർമസിയുടെ സബ്ഡിപ്പോകളിൽനിന്നും ഫിസിഷ്യന്മാർ മരുന്നുകൾ ഏറ്റു വാങ്ങുന്നു.

(ബി) ഉണ്ടു്.

(സി) അച്ചൻകോവിൽ ഡിസ്പെൻസറിയുടെ ഉൽഘാടനാവസരത്തിൽ സപ്ലൈചെയ്ത മരുന്നുകളുടെ സ്റ്റാക്കു് ഇപ്പോഴും തീർന്നിട്ടില്ലായെന്നാണു് അന്വേഷണത്തിൽനിന്നും ഗവണ്മെൻറു അറിയുന്നതു്.

(ഡി) മരുന്നുകൾ വീണ്ടും ആവശ്യാനുസരണം സപ്ലൈ ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടു്.

ശ്രീ. കെ. കൃഷ്ണപിള്ള: ഉൽഘാടനം ചെയ്തതു് രണ്ടുമൂന്നു കൊല്ലം മുമ്പാണു്. ഞാൻ നേരിട്ടു ചെന്നന്വേഷിച്ചപ്പോൾ മരുന്നില്ല എന്നാണറിഞ്ഞതു്. കൊല്ലത്തുനിന്നും ചെങ്കോട്ടയിൽ എത്തി അവിടെനിന്നും രണ്ടുമൂന്നു മൈൽ സഞ്ചരിച്ചിട്ടുവേണം ഈ മരുന്നുകൾ ഈ ഡിസ്പെൻസറിയിൽ എത്തുവാൻ. ഇങ്ങനെ കൂടുതൽ സഞ്ചരിക്കുന്നതിനുള്ള കൂടുതൽ ചെലവു ഗവണ്മെൻറിൽനിന്നും കൊടുക്കുന്നതിനു വേണ്ടി ഏർപ്പാടു ചെയ്യുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഡിസ്പെൻസറി ഉൽഘാടനം ചെയ്തതു് 1962 ലാണു്. എന്തെങ്കിലും വിധത്തിലുള്ള ഷോർട്ടേജു് അവിടെ ഉണ്ടായിട്ടുണ്ടെന്നു എനിക്കു ബോദ്ധ്യമായിട്ടില്ല. ഉണ്ടെങ്കിൽതന്നെയും സബ്ഡിപ്പോകളിൽ നിന്നും വാങ്ങാൻ കഴിയുന്നതാണു്.

ശ്രീ. ടി. കൃഷ്ണൻ: 1964—ൽ പുതുതായി രൂപം പ്രാപിച്ചിട്ടുള്ള പഞ്ചായത്തു ആയുർവ്വേദ ആശുപത്രികളും ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും പുതിയ ആശുപത്രികളും ഉണ്ടാക്കാൻ പോകുന്നതായി പത്രത്തിൽ കാണുകയുണ്ടായി. അതിനുള്ള സ്ഥലവും കെട്ടിടവും എങ്ങനെയാണു് കിട്ടുക?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: അങ്ങനെയൊരു വാർത്ത ഞാൻ കണ്ടിട്ടില്ല. ആറു ഡിസ്പെൻസറികളും ഈ വർഷം തുടങ്ങണമെന്നാണു് ഉദ്ദേശം. എല്ലാ പഞ്ചായത്തിലും ഉടനടി സ്ഥാപനങ്ങൾ തുറക്കുക സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly